# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-113/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 09/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-113/2023 തീയ്യതി: 09/03/2023

## ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-09-2021 മുതൽ 08-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു,ഓഡിറ്റ് ഓഫിസർ
ശ്രീ എം.എസ് രാജീവ്, ഓഡിറ്റ് ഓഫിസർ
ശ്രീ ജോസഫ് ചാക്കോ,ഓഡിറ്റ് ഓഫിസർ
ശ്രീ ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ വിഷ്ണു പി.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ടി. ജെ ഷൈൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഗോപാലകൃഷ്ണ പിള്ള കെ, (അസി. സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 04-07-2021 |
| ശ്രീ. റംഷാദ് എ. | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഗോപാലകൃഷ്ണ പിള്ള കെ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ അബ്ദുൾ സമദ് പി.എസ് | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ അതുല്യ രവീന്ദ്രൻ | മെഡിക്കൽ ഓഫിസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. രമ്യ എൻ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി അശ്വതി ടി.എസ് | കൃഷി ഓഫീസർ | 01-04-2021 | 30-08-2021 |
| ശ്രീ ബെന്നി വർഗീസ് | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 31-08-2021 | 29-10-2021 |
| ശ്രീമതി പ്രിയ പീറ്റർ | കൃഷി ഓഫീസർ | 30-10-2021 | 31-03-2022 |
| ശ്രീമതി ആൻസി മറിയം പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി ബ്രിജിത് സൗമ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീ റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദുകുമാർ കെ.കെ | വി.ഇ.ഒ | 01-04-2021 | 28-09-2021 |
| ശ്രീ ഫൈസൽ പി.വി | വി.ഇ.ഒ | 29-09-2021 | 31-03-2022 |
| ശ്രീ എ സുൽത്താൻ ഇബ്രാഹിം | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ സനിത് കുമാർ എൻ.ടി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ഡോ. ആദർശ് ചന്ദ്രൻ സി. എസ്. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | വികസനഫണ്ട് (എസ്.സി.പി) - ഫണ്ട് ലാപ്സായത് | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 11 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 13 | വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-12 |
| 14 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണവിവരം യഥാസമയം മറ്റ് പ്രാദേശിക സർക്കാരിൽ അറിയിക്കുന്നില്ല | 1-13 |
| 15 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ വിവരം യഥാസമയം ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിൽ അറിയിക്കുന്നില്ല | 1-13-1 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങുന്നില്ല | 1-13-2 |
| 17 | ലൈഫ് ഭവന പദ്ധതി - പൊതു അപാകതകൾ | 1-14 |
| 18 | പി.എച്ച്.സി(മെഡിക്കൽ ഓഫീസർ) നടപ്പാക്കിയ വിവിധ പദ്ധതികളിലെ അപാകതകൾ | 1-15 |
| 19 | ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - പ്രിന്റർ ലഭിച്ചിട്ടില്ല - ചെലവ് തടസ്സം | 1-16 |
| 20 | ദുരിതാശ്വാസനിധി രൂപീകരണം, പ്രവർത്തനം | 1-17 |
| 21 | പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം അപര്യാപ്തം | 1-18 |
| 22 | കാലി വീപ്പ - വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-19 |
| 23 | ചേരിയാർ പള്ളിക്കുന്ന് റോഡ് നവീകരണം - ആകെ പ്രവൃത്തിമൂല്യം കോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തിയില്ല - കരാറുകാരന് അധികം തുക നൽകി | 1-20 |
| 24 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 1-21 |
| | ഭാഗം **2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

08.02.2021-ലെ 1 -ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച 2021-22-ലെ കരട് ബജറ്റ് 19.02.2021-ലെ 1(1) തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ചു. കരട് ബജറ്റ് പ്രകാരം ₹13,77,740/- മുന്നിരിപ്പും ₹22,77,64,000/- വരവും ₹22,75,71,000/- ചെലവും ₹15,70,740/- നീക്കിയിരിപ്പും ഉണ്ടായിരുന്നു.

2021-22-ലെ പരിഷ്കരിച്ച ബജറ്റ് 16.02.2022ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ചു. ആയതിൽ ₹13,77,740/- മുന്നിരിപ്പും ₹18,60,14,800/- വരവും ₹18,55,53,000/- ചെലവും ₹18,39,540/- നീക്കിയിരിപ്പും ഉണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 29.06.2022 (എയിംസിൽ സമർപ്പിച്ചത്) | - | - |

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻ ബാക്കി ₹ | തൻ വർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | | 15843526 | 15843526 | 15829655 | |
| വികസനഫണ്ട് – എസ്.സി.പി. | | 10783718 | 10783718 | 8539485 | |
| വികസനഫണ്ട് – റ്റി.സി.പി. | | 1200400 | 1200400 | 1113000 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 9273839 | 9273839 | 5775564 | 3498275 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 3325592 | 3325592 | 3179177 | 146415 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 7157886 | 7157886 | 6602081 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | | 14283000 | 14283000 | 13868110 | |
| ഐ.സി.ഡി.എസ് | 276151 | 608075 | 884226 | 743216 | 141010 |
| സമ്പൂർണ്ണ ശുചിത്വം | 202400 | 2241620 | 2444020 | 1099744 | 1344276 |
| ആയുർവ്വേദ വകുപ്പ് | 873 | 0 | 873 | 0 | 873 |
| ശുചിത്വ മിഷൻ | 2183967 | 328401 | 2512368 | 2512368 | 0 |
| എസ്. ടി. കോർപ്പസ് ഫണ്ട് – കുടിവെള്ള പദ്ധതി | 51101 | 0 | 51101 | 51101 | 0 |
| ശാന്തൻപാറ ഗവ. കോളേജ് ബിൽഡിംഗ് ഫണ്ട് | 0 | 1718000 | 1718000 | 0 | 1718000 |

| | |
|---|---|
| * | വാർഷിക കണക്കുകൾ പ്രകാരമുള്ള ഡെവലപ്പ്മെന്റ് ഫണ്ട് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. |
| * | പൊതുവിഭാഗം – വികസന ഫണ്ട് ഇനത്തിൽ സർക്കാർ അനുവദിച്ച തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഇനത്തിന് നെഗറ്റീവ് ബാലൻസ് ആണ്. |
| * | വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല. |
| * | വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| * | വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുകകളുടെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. |

.

| ഫണ്ട് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 2513405 | 1182600 |
| വികസനഫണ്ട് (SCP) | 917053 | |
| വികസനഫണ്ട് (TCP) | 89544 | |

1-3-1 വികസനഫണ്ട് (എസ്.സി.പി) - ഫണ്ട് ലാപ്സായത്

വികസനഫണ്ട് (എസ്.സി.പി) വിഹിതമായ ₹1,07,83,718/-ൽ 2021-22 സാമ്പത്തിക വർഷം ₹85,39,485/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിന്റെ 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹87,489/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 10783718 | 8539485 | 2244233 | 79.18 | | 2156744 | 87489 |

1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 172 | 150818739 | 141 | 63755340 | 31 | 82 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. 15 കോടി രൂപ അടങ്കലിൽ 172 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിന് പകരം മുൻ വർഷങ്ങളിൽ ചെയ്തുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുമുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്.

15 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 42 ശതമാനമായ 6.38 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 172 പ്രോജക്ടുകളിൽ 82 ശതമാനത്തിൽ മാത്രമാണ് ഭാഗികമായെങ്കിലും സമയപരിധിക്കുള്ളിൽ ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ | അടങ്കൽ (₹) | ചെലവ് (₹) | ശത മാനം |
|---|---|---|---|---|---|---|---|

| | | | | ശതമാനം | | | |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 100 | 3861506 | 3859105 | 99.93 |
| 2 | വെറ്ററിനറി സർജൻ | 5 | 4 | 80 | 2173400 | 722000 | 33 |
| 3 | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 8 | 8 | 100 | 1816650 | 1781823 | 98 |
| 4 | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 3 | 3 | 100 | 550000 | 550000 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 13 | 76 | 68933213 | 8968347 | 13 |
| 6 | ഐ.സി.ഡി.എസ് സൂപ്രവൈസർ | 13 | 8 | 62 | 5735765 | 3464500 | 60 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 900000 | 599691 | 67 |
| 8 | സെക്രട്ടറി | 40 | 35 | 88 | 12564650 | 10441527 | 83 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 83 | 13793508 | 1705610 | 12 |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 72 | 57 | 79 | 40121047 | 31605725 | 79 |
| 11 | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 100 | 369000 | 57012 | 15 |
| | ആകെ | 172 | 141 | | 150818739 | 63755340 | 42 |

ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തിയിട്ടുള്ളതും. 2021 ഫെബ്രുവരിയിൽ തന്നെ 2021-22 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വന്നത്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ്-ഭരണ ചെലവുകൾ | ₹1183 | ₹912630 | ₹913813 | ₹913050 | ₹763 |
| തൊഴിലാളികളുടെ കൂലി | 0 | ₹26162685 | ₹26162685 | ₹26162685 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

2021-22ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 3240 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 45600 | 3 |
| വിധവ പെൻഷൻ | 14927000 | 789 |
| വാർദ്ധക്യകാല പെൻഷൻ | 23261400 | 1313 |
| വികലാംഗ പെൻഷൻ | 3140500 | 167 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 54400 | 3 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2023-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹38,971/- (മുപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തി ഒന്ന് രൂപ മാത്രം)യുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ മുഖേന ഗ്രാമ പഞ്ചായത്തിലെ വിവിധ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, എല്ലാ ക്ലാർക്കുമാർക്കും വിവിധ വാർഡുകളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്ററി കൺട്രോൾ പരിശോധിക്കാതെയാണ് പ്രതിമാസ വരവ്-ചെലവുകൾ നിലവിൽ അംഗീകരിക്കുന്നത്. പ്രതിമാസ വരവ്-ചെലവുകൾ ബജറ്റുമായി താരതമ്യം ചെയ്ത് മാത്രം അംഗീകാരം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ സ്റ്റോറുകൾ, ആസ്തികൾ തുടങ്ങിയവ കാലഹരണപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്ററുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് വക ലൈബ്രറി 1990ൽ പ്രവർത്തനം ആരംഭിച്ചതാണെങ്കിലും ബൈലോ തയ്യാറാക്കി ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരം നേടിയിട്ടില്ല. സാമൂഹ്യ സുരക്ഷ പെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണ വിവരം യഥാസമയം ധനകാര്യ വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്നില്ല.ലൈഫ് ഭവന പദ്ധതി ധനസഹായത്തിന്റെ കൃത്യതയും ആധികാരികതയും ഉറപ്പ് വരുത്തുന്നതിന് ഉതകുംവിധം ഗുണഭോക്തൃ രജിസ്റ്റർ കാലികവും സമഗ്രവുമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടില്ല. ദുരിതാശ്വാസ നിധിക്കായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ചട്ട പ്രകാരമുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്കുകളിൽ ബാലൻസ് ഷീറ്റിലെ ബി-11 പത്രികയിൽ ₹2,93,43,364/-ന്റെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ലഭിക്കുന്നതിനാധാരമായ കണക്കുകളോ, വർക്ക് ഷീറ്റോ ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ ആനുകാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം സംബന്ധിച്ച കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3. ബാലൻസ് ഷീറ്റിൽ ബി-9 പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വാറ്റ് – ₹24,487/-, സർവ്വീസ് ടാക്സ് – ₹43,001/- എന്നിവ യഥാർത്ഥ ബാധ്യതയാണെങ്കിൽ ആയത് സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുകയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-10 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

2021-22 സാമ്പത്തിക വർഷം ഒന്നാം അർദ്ധ വർഷം പ്രാബല്യത്തിൽ ശ്രീമതി. വാണി W/O മനോഹരന്റെ ഉടമസ്ഥതയിലുള്ള 4/365 നമ്പർ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയ രേഖയായ ഫോം 6 പ്രകാരം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രവേശന മാർഗ്ഗം 8 മീറ്റർ വീതിയുള്ള റോഡിൽ നിന്നുമാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധന വരുത്തേണ്ടതാണ്. പ്രവേശന മാർഗ്ഗമുള്ള റോഡിന്റെ തരം തെറ്റായി നിശ്ചയിച്ചതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ ചുവടെ ചേർക്കും വിധം കുറവ് വന്നിട്ടുണ്ട്.

| | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ട വസ്തു നികുതി |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണം | 139.67 | 139.67 |
| അടിസ്ഥാന നികുതി നിരക്ക് | 7 | 7 |
| അടിസ്ഥാന വസ്തു നികുതി | 977.69 | 977.69 |
| ഇളവ് | 97.769 (മേഖല 10%) | 97.769 (മേഖല 10%) |
| വർദ്ധന | ഇല്ല | 195.553 (റോഡിന്റെ തരം 20%) |
| വസ്തു നികുതി +ലൈബ്രറി സെസ് | 880+44 | 1076+54 |
| കുറവ് | 196+10 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 7/തീ. 11/01/2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി നിർണ്ണയിച്ചതിൽ വന്ന കുറവ് പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | പോസ്റ്റ് ഓഫീസ്, പൂപ്പാറ | 1 & 2 |
| 2. | പോസ്റ്റ് ഓഫീസ്, പേത്തൊട്ടി | 1 & 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 3/11/01/2023)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം റേഷൻ കടകളുടെ തൊഴിൽ നികുതികൾ 12/01/2023ന് ഒടുക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും (ക്രമ നം 1, 2) പൂർണ്ണമായി നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർക്കുന്ന മുറിയുടെ വാടക ഈടാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നം. | കെട്ടിടം | വാടകക്കാരന്റെ പേര് | തുക ₹ | തുക ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| 1 | തൊണ്ടിമല വെയ്റ്റിംഗ് ഷെഡ് | പ്രഭു S/O മുരുകൻ | 8390+ജി.എസ്.റ്റി | 10/2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 6/11/01/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണവിവരം യഥാസമയം മറ്റ് പ്രാദേശിക സർക്കാരിൽ അറിയിക്കുന്നില്ല

ധനകാര്യ വകുപ്പിന്റെ 02.08.2021ലെ 63/2021 നമ്പർ സർക്കുലർ പ്രകാരം, പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം, അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ ദേവികുളം ഗ്രാമ പഞ്ചായത്തിൽ നിന്നും വാർദ്ധക്യകാല പെൻഷൻ വാങ്ങിയിരുന്ന ഒരു വ്യക്തി ശാന്തമ്പാറ ഗ്രാമ പഞ്ചായത്തിൽ മരണപ്പെട്ടിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ.ഡി/ പെൻഷൻ നൽകുന്ന പഞ്ചായത്ത് | മരണപ്പെട്ട/ രജിസ്റ്റർ ചെയ്ത തീയതി | പെൻഷന് അനർഹമായ/ പെൻഷൻ നൽകിയ കാലയളവ് | നൽകിയ പെൻഷൻ തുക ₹ | അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സുബ്രമണി | Xxx1998/ദേവികുളം | 30/11/2021/ 22/12/2021 | 01/2022 മുതൽ 11/2022 വരെ (ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു) | 17600 | ആക്ടീവ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/തീ. 11.01.2023) ശാന്തൻപാറ ഗ്രാമ പഞ്ചായത്തിൽ മരണപ്പെടുന്ന മറ്റ് പഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളുടെ വിവരം അതത് പഞ്ചായത്തുകളെ യഥാസമയം ഇ-മെയിൽ മുഖേന അറിയിക്കുന്നുണ്ട് എന്നും എന്നാൽ അറിയിക്കാൻ വിട്ടുപോയ മേൽ വ്യക്തിയുടെ വിവരം 12.01.2023ൽ ബന്ധപ്പെട്ട പഞ്ചായത്തിൽ അറിയിച്ചിട്ടുണ്ട് എന്നും കൂടാതെ പെൻഷൻ ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കാൻ ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ മരണവിവരം യഥാസമയം മറ്റ് പ്രാദേശിക സർക്കാരിൽ അറിയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-13-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ വിവരം യഥാസമയം ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിൽ അറിയിക്കുന്നില്ല

ശാന്തമ്പാറ ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരണപ്പെടുകയും ക്ഷേമനിധി പെൻഷൻ നിലവിലും സസ്പെൻഡ് ചെയ്യപ്പെടാതെയിരിക്കുകയും ചെയ്യുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ.ഡി/ പെൻഷൻ നൽകുന്ന സ്ഥാപനം | മരണപ്പെട്ട/ രജിസ്റ്റർ ചെയ്ത തീയതി | പെൻഷന് അനർഹമായ/ പെൻഷൻ നൽകിയ കാലയളവ് | നൽകിയ പെൻഷൻ തുക ₹ | അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|---|
| വിജയൻ | Xxx7052/ ക്ഷേമനിധി ബോർഡ് | 21/01/2022/ 10/02/2022 | 02/2022 മുതൽ 11/2022 വരെ (ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു) | 16000 | ആക്ടീവ് |

ധനകാര്യ വകുപ്പിന്റെ 02.08.2021 ലെ നം.63/2021 സർക്കുലർ പ്രകാരം എല്ലാ പ്രാദേശിക സർക്കാർ പരിധികളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ ധനകാര്യ (എസ്.എഫ്.സി.-ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ മേൽ സൂചിപ്പിച്ച പോലെ ക്ഷേമനിധി പെൻഷൻ നൽകുന്ന സ്ഥാപനങ്ങളിൽ നിന്നും ഗുണഭോക്താൾക്ക് മരണശേഷം നൽകപ്പെടുന്ന പെൻഷൻ റദ്ദാക്കപ്പെടുന്നതിന് സാധിക്കുകയും സർക്കാരിന് അനർഹമായി പെൻഷൻ നൽകപ്പെടുന്നത് വഴിയുള്ള ധനനഷ്ടം കുറയ്ക്കാനും സാധിക്കും. പ്രസ്തുത സർക്കുലർ നിർദ്ദേശം പാലിക്കപ്പെടുന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/തീ. 11.01.2023) പ്രസ്തുത നിർദ്ദേശം നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്നും തുടർ നടപടി സ്വീകരിക്കാം എന്നുമുള്ള മറുപടി സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ മരണപ്പെടുന്നവരുടെ വിവരം നിശ്ചിത സമയപരിധിക്കുള്ളിൽ ധനകാര്യ (എസ്.എഫ്.സി.-ബി) വകുപ്പിൽ അറിയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-13-2 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങുന്നില്ല

ധനകാര്യ വകുപ്പിന്റെ 02.08.2021ലെ 63/2021 നമ്പർ സർക്കുലർ പ്രകാരം പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്. പ്രസ്തുത നടപടിക്രമം പാലിക്കുന്നതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/തീ. 11.01.2023) "നാളിതുവരെ സത്യവാങ്മൂലം വാങ്ങിയിട്ടില്ല എന്നും തുടർ നടപടി സ്വീകരിക്കാം" എന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-14 ലൈഫ് ഭവന പദ്ധതി - പൊതു അപാകതകൾ

ലൈഫ് ഭവന പദ്ധതിയുടെ ഫയലുകളും രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. വ്യക്തിഗത ഗുണഭോക്താക്കൾക്ക് അനുവദിച്ച ധനസഹായത്തിന്റെ കൃത്യതയും ആധികാരകതയും ഉറപ്പ് വരുത്തുന്നതിന് സൂക്ഷിക്കേണ്ട ഗുണഭോക്തൃ രജിസ്റ്റർ കാലികവും സമഗ്രവുമായ രേഖപ്പെടുത്തലുകളോടെ പരിപാലിക്കുന്നില്ല.
2. ഓഡിറ്റിന് ഹാജരാക്കിയ ധനസഹായ വിതരണ രജിസ്റ്ററിൽ തുക അനുവദിച്ച ബിൽ/വൗച്ചർ നമ്പർ എന്നിവ കൃത്യമായി എഴുതിയിട്ടില്ല. അതിനാൽ ഓരോ ഗുണഭോക്താവിനും അനുവദിച്ച ഗഡുക്കളുടെയും ആകെ തുകയുടെയും കൃത്യത ബോദ്ധ്യപ്പെടാൻ കഴിയുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | ഫണ്ടിനം | തുക ₹ |
|---|---|---|---|
| 1 | 640116/20.04.2021 | സംസ്ഥാന വിഹിതം | (260000+25000) 285000 |
| | 640116/20.04.2021 | -ടി- | |
| 2 | 640122/24.05.2021 | -ടി- | (160000+160000) 320000 |
| | 640123/24.05.2021 | -ടി- | |
| 3 | 640118/28.04.2021 | -ടി- | (120000+100000) 220000 |
| | 640119/28.04.2021 | -ടി- | |
| 4 | 640124/02.06.2021 | -ടി- | (160000+100000) 2600000 |
| | 640125/02.06.2021 | -ടി- | |

| | | | |
|---|---|---|---|
| 5 | 640126/09.06.2021 | -ടി- | 160000 |
| 6 | 640127/11.06.2021 | -ടി- | 160000 |
| 7 | 640128/21.06.2021 | -ടി- | (60000+60000) 120000 |
| | 640129/21.06.2021 | -ടി- | |
| 8 | 640130/13.07.2021 | സംസ്ഥാന വിഹിതവും (ഹഡ്കോ) + ലോണം | 25070 |
| | 640130/13.07.2021 | | |

മേൽ ചെക്കുകൾ പ്രകാരം അനുവദിച്ച തുകകൾ സാംഖ്യ വെബ് വഴി ജനറേറ്റ് ചെയ്തിട്ടില്ല, കൂടാതെ ചെക്ക് നമ്പരോ വൗച്ചർ നമ്പരോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

3. ധനസഹായത്തിന്റെ അവസാന ഗഡു അനുവദിക്കുന്നതിന് മുമ്പായി ഓരോ വ്യക്തിക്കും അതുവരെ ആകെ ലഭിച്ച തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാനാവശ്യമായ രേഖകൾ വാങ്ങി സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/തീ. 11.01.2023) മറുപടി ലഭ്യമാക്കിയില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിവിധ സ്രോതസ്സുകളിൽ നിന്ന് വിതരണം ചെയ്ത തുകകളുടെ സമഗ്രവും ആധികാരികവുമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 പി.എച്ച്.സി(മെഡിക്കൽ ഓഫീസർ) നടപ്പാക്കിയ വിവിധ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | പദ്ധതി അടങ്കൽ/ ചെലവ് | ബിൽ നം./തീയതി | തുക ₹ | അപാകതകൾ |
|---|---|---|---|---|---|---|
| 1 | 102/22 | പി.എച്ച്.സി-ക്ക് ഉപകരണങ്ങൾ വാങ്ങൽ | 266650<br>255342 | 211007520078006634677/ തീ. 10.11.2021 | 73450 | 1. ടെണ്ടർ കൂടാതെ ഉപകരണ ങ്ങൾ വാങ്ങി.<br>2. 29-01-21ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 7(2) പ്രകാരം സർക്കാർ സ്ഥാപന ങ്ങളിൽ നിന്നും ഉപകരണ ങ്ങൾ ലഭിക്കുന്നതിന് കാല താമസമുള്ളതിനാൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചി ട്ടുണ്ട്. എന്നാൽ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് തീരു മാനിച്ചിട്ടില്ല.<br>3. 16-11-2022ലെ 1(6), 1(7), 1(8), |
| | | | | 211007520078011147359/ തീ. 17.2.2022 | 16743 | |
| | | | | 211007520078002224068/ തീ. 22.07.2021 | 62350 | |
| | | | | 211007520078011380541/ തീ. 19.03.2022 | 3800 | |
| | | | | 211007520078011426699/ | 1450 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | തീ. 23.03.2022 | | 1(8) എന്നീ തീരുമാന ങ്ങൾ പ്രകാരം ഗാലക്സി സർ ജിക്കൽസ്, പെരുമ്പാവൂർ സർ ജിക്കൽസ് നീതി മെഡി ക്കൽസ് എന്നീ സ്ഥാപനങ്ങ ളിൽ നിന്നും നടത്തിയ വാങ്ങ ലുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ തീയതിക്ക് ശേഷമുള്ള വാങ്ങലുകൾ അംഗീകരിച്ചിട്ടില്ല. |
| | | | | 21100752007800473610/ തീ. 21.09.2021 | 63670 | |
| | | | | 21100752007801304559/ 11.03.2022 | 30183 | |
| | | | | 21100752007801193010/ 24-02-2022 | 3696 | |
| 2 | 6/22 | പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ | 400000<br>399919 | 21100752007801192979/ 24-02-2022 | 10102 | 1. സർക്കാർ ഉത്തരവ് നം.22/ 2018/ത.സ്വ.ഭ.വ., തീയതി. 14.02.18, ഖണ്ഡിക 7.5.3 & 7.5.4 പ്രകാരമുള്ള വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചി ട്ടില്ല.<br>2. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബി ലിറ്റി സർട്ടിഫിക്കറ്റ് ഇല്ല.<br>3. കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിനുള്ള നട പടികളൊന്നും സ്വീകരിച്ചി ട്ടില്ല. |
| | | | | 21100752007801088415/ 09-02-2022 | 141009 | |
| | | | | 21100752007800941046/ 13-01-2022 | 204506 | |
| | | | | 21100752007800856888/ 29-12-2021 | 44302 | |
| 3 | 150/22 | പി.എച്ച്. സി-ക്ക് മരുന്ന് വാങ്ങൽ | 200000<br>199906 | 2100752007801193001/ 24-02-2022 | 22514 | - ടി - |
| | | | | 2100752007801153059/ 24-02-2022 | 88895 | |
| | | | | 2100752007801088429/ 09-02-2022 | 74057 | |
| | | | | 2100752007800962000/ 17-01-2022 | 6524 | |
| | | | | 2100752007801304545/ 11-03-2022 | 7916 | |
| 4 | 97/22 | പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ | 100000 | 2100752007800096469/ 26-05-2022 | 56649 | - ടി - |
| | | | 100000 | 21100752007800170554/ 03-07-2021 | 43351 | |
| 5 | 25/22 | മെഡിക്കൽ ക്യാമ്പ് | 50000<br>49976 | 21100752007801153051/ 18-02-2022 | 20000 | 1. സർക്കാർ ഉത്തരവ് നം. 22/2018 /ത.സ്വ.ഭ.വ. തീയതി. 14.2.2018, ഖണ്ഡിക 8.4 പ്രകാരം വിദൂര പ്രദേശങ്ങളി ലുള്ള പട്ടിക വർഗ്ഗ ക്യാമ്പുകൾ ഒഴികെയുള്ള സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നട ത്തുവാൻ പാടില്ലായെന്ന് നിർ ദ്ദേശിച്ചിട്ടുണ്ട്. ട്രൈബൽ മേഖ ലയിൽ |
| | | | | 21100752007800917145/ 11-01-2022 | 27765 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് പ്രത്യേകം പദ്ധതി രൂപീകരിച്ചിക്കെ സർക്കാർ |
| | | | | 21100752007801304573/ 11-03-2022 | 2211 | ഉത്തരവിന് വിരുദ്ധ മായി മെഡിക്കൽ ക്യാമ്പ് നടത്തി |

നം. 2, 3, 4, 5-ൽ സപ്ലൈകോ, കല്ലൂർക്കാട് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയതി 12-1-2023) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അടിയന്തിര സാഹചര്യത്തിലൊഴികെ ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങുവാൻ പാടില്ല.

2. വിദൂര പട്ടികവർഗ്ഗ പ്രദേശങ്ങളിലും സർക്കാർ പ്രത്യേകമായി നിർദ്ദശിച്ചിട്ടുള്ളതുമല്ലാത്ത സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ പാടില്ല.

3. കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡെന്റ് നൽകി രണ്ട് മാസത്തിനകവും മരുന്ന് ലഭ്യമാവാത്ത സാഹചര്യത്തിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ/നീതി/ജെൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം വാങ്ങലുകൾ നടത്താവുന്നതാണ്.

4. ആരോഗ്യ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ വാങ്ങാവുന്നതാണ്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിന് വേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

## 1-16 ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - പ്രിന്റർ ലഭിച്ചിട്ടില്ല - ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം. | 40/2021-22 |
| ചെലവ് - ബിൽ നം. | 21100752010500660116 തീ.17.11.2021<br>₹100000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| വൗച്ചർ നം. | 22100241 തീ.17.11.2021<br>₹14185/-(തനത് ഫണ്ട്) |
| ആകെ | ₹114185/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

രണ്ട് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് ₹1,01,232/-ഉം ഒരു മോണോക്രോം നെറ്റ് വർക്ക് ലേസർ പ്രിന്ററിന് ₹12,953/-ഉം ഉൾപ്പെടെ ₹1,14,185/- കേരള സംസ്ഥാന ഐ. ടി. മിഷനിൽ ഒടുക്കി ഒരു വർഷം

കഴിഞ്ഞിട്ടും രണ്ട് കമ്പ്യൂട്ടറുകൾ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 15)ക്ക് മറുപടിയായി പ്രിന്റർ സപ്ലൈ ചെയ്യേണ്ടിയിരുന്ന കെൽട്രോണിൽ അടിയന്തിരമായി പ്രിന്റർ ലഭ്യമാക്കുകയോ അടച്ച പണം തിരികെ നൽകുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. പ്രിന്റർ ലഭ്യമാക്കാത്തതിനാൽ അതിനുവേണ്ടി ഒടുക്കിയ ₹12,953/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 ദുരിതാശ്വാസനിധി രൂപീകരണം, പ്രവർത്തനം

ദുരിതാശ്വാസ നിധിക്കായി ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ശാന്തമ്പാറ ശാഖയിൽ 120131200421330 നമ്പർ അക്കൗണ്ട് 22.05.2017ന് തുറന്നിട്ടുള്ളതല്ലാതെ ചട്ടപ്രകാരമുള്ള മറ്റ് നടപടികളൊന്നും ഇതുവരെയും സ്വീകരിച്ചിട്ടില്ല. ഭരണ സമിതി ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത നിധിയുടെ ആനുകൂല്യം അർഹരായവർക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം അപര്യാപ്തം

1990ൽ പ്രവർത്തനം ആരംഭിച്ച ശാന്തമ്പാറ ഗ്രാമ പഞ്ചായത്ത് ലൈബ്രറിയിൽ നിലവിൽ നാലായിരത്തോളം പുസ്തകങ്ങൾ ലഭ്യമാണ്. 32 വർഷത്തെ പ്രവർത്തനങ്ങൾക്ക് ശേഷവും ആകെ 290 പേർ മാത്രമാണ് ഈ ലൈബ്രറിയിൽ അംഗത്വമെടുത്തിട്ടുള്ളത്. ഇവരിൽ തന്നെ പതിനഞ്ച് പേർ മാത്രമാണ് ഒരു വർഷം വായനയ്ക്കായി ലൈബ്രറിയുടെ സേവനം പ്രയോജനപ്പെടുത്തുന്നത്. ലൈബ്രറിക്ക് ഒരു ബൈലോ തയ്യാറാക്കി ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. ഇക്കാരണത്താൽ ഗ്രന്ഥശാലാ സംഘത്തിൽ നിന്നുള്ള ഒരു സഹായമോ പ്രവർത്തന മേൽനോട്ടമോ പഞ്ചായത്ത് ലൈബ്രറിക്ക് ലഭിക്കുന്നില്ല. ആരംഭത്തിൽ ഒരു കരട് ബൈലോ തയ്യാറാക്കിയിട്ടുള്ളതല്ലാതെ തുടർ പ്രവർത്തനങ്ങളൊന്നും ചെയ്തിട്ടില്ല. ടി കരട് ബൈലോ പ്രകാരമുള്ള പ്രവർത്തന ലക്ഷ്യങ്ങളൊന്നും തന്നെ കൈവരിക്കുന്നതിന് ഇതുവരെയും കഴിഞ്ഞിട്ടുമില്ല. ബൈലോ വ്യവസ്ഥ 36 പ്രകാരം പഞ്ചായത്ത് ഭരണ സമിതിയിലെ 3 അംഗങ്ങളും പുറമേ നിന്ന് നോമിനേറ്റ് ചെയ്യുന്ന 3 അംഗങ്ങളും പഞ്ചായത്ത് സെക്രട്ടറിയും ഉൾപ്പെട്ട ഏഴംഗങ്ങളാണ് ലൈബ്രറി ഭരണ സമിതി. വ്യവസ്ഥ 40 പ്രകാരം പഞ്ചായത്ത് അംഗങ്ങളിൽ ഒരാളെ ലൈബ്രറി പ്രസിഡന്റായി തെരഞ്ഞെടുക്കേണ്ടതും സെക്രട്ടറി എക്സ് ഒഫീഷ്യോ സെക്രട്ടറിയുമായിരിക്കും. രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും കമ്മിറ്റി യോഗം ചേരേണ്ടതാണ്(42). ലൈബ്രറിക്കായി തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണ സമിതി നിലവിലില്ല. മിനിട്സ് ബുക്ക് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടില്ല. കരട് ബൈലോയ്ക്ക് ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരം വാങ്ങി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ഭരണ സമിതി ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-19 കാലി വീപ്പ - വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്യുന്ന തുക ബിറ്റുമിൻ വാങ്ങുന്നതിന് ചെലവഴിച്ച (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ(പി)177/06/ധനം., തീ. 12.04.06 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണമെന്ന് 30.10.2007ലെ 59827/എഫ്.എം/07/തസ്വഭവ. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2021-22 വർഷം വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്ത തുകകൾ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് & പ്രോജക്റ്റ് നം. | ബിൽ നം/വൗച്ചർ നം. & തീയതി | ബിൽ തുക (₹) | കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്തിട്ടുള്ള തുക (₹) |
|---|---|---|---|
| പോസ്റ്റ് ഓഫീസ് ഭാഗം മുതൽ ഉദയൻ എസ്റ്റിമേറ്റ് വരെ റോഡ് അറ്റകുറ്റപ്പണി (53/22) | വൗച്ചർ നം.22100684/ തീ. 24.03.22 | 477665 | 4215 |
| ചേരിയാർ-പള്ളിക്കുന്ന് റോഡ് (88/22) | 20100752010601057909/ തീ. 04.02.22 | 900000 | 4046 |
| പത്തേക്കർ റോഡ് (84/22) | 22100623/ തീ. 08.03.22 | 950000 | 9273 |
| എസ്റ്റേറ്റ് പൂപ്പാറ-ചേമ്പാല റോഡ് (87/22) | 21100752010601379437/ തീ. 19.03.22 | 900000 | 4777 |
| തൊണ്ടിമല-പന്നിയാർ റോഡ് (106/22) | 21100752010601379427/ തീ. 19.03.22 | 999166 | 5339 |
| മാങ്കുന്നേഭാഗം പടി റോഡ് (46/22) | 21100752010601057927/ തീ. 04.02.22 | 795379 | 3808 |
| രാജാപ്പാറ മെട്ട് റോഡ് (48/22) | 21100752010601057916/ തീ. 04.02.22 | 800000 | 4284 |
| ആനയിറങ്കൽ ഡാം പന്നിയാർ റോഡ് (93/22) | 21100752010601383761/ തീ. 19.03.22 | 1158662 | 6182 |
| കോരമ്പാറ റോഡ് അറ്റകുറ്റ പണി (48/22) | 21100752010601347934/ തീ. 16.03.22 | 888000 | 4496 |
| | ആകെ | | 46420 |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/12.01.2023) മറുപടി നൽകിയിട്ടില്ല. കാലി വീപ്പയിനത്തിലുള്ള ₹46,420/- ബന്ധപ്പെട്ട ശീർഷകത്തിൽ

സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ചേരിയാർ പള്ളിക്കുന്ന് റോഡ് നവീകരണം - ആകെ പ്രവൃത്തിമൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തിയില്ല - കരാറുകാരന് അധികം തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | 88/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പദ്ധതി അടങ്കൽ | ₹1000000/-<br>(വികസന ഫണ്ട് – ₹900000/-<br>തനത് ഫണ്ട് – ₹100000/-) |
| കരാറുകാരൻ | ശ്രീ. കലേഷ് കുമാർ |
| അളവ് ബുക്ക് | 194/21-22 |
| ബിൽ നം./തീയതി & തുക | 211007520106010579O9/04.02.22, ₹900000/-<br><br>ചെക്ക് നം. 5313933/08.03.2022, ₹99779/- |

ചേരിയാർ പള്ളിക്കുന്ന് റോഡ് അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏറ്റെടുത്തിരുന്ന കരാറുകാരൻ ക്വോട്ട് ചെയ്ത തുക ₹8,89,310/- ആയിരുന്നു. ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതിരുന്നത് മൂലം കരാറുകാരന് ₹3,752/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് നൽകിയ തുക (₹) | | കരാറുകാരന് നൽകാവുന്ന തുക (₹) | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 892660 | ആകെ പ്രവൃത്തി മൂല്യം | 889310 |
| (+)12% ജി.എസ്.ടി | 107119 | (+)12% ജി.എസ്.ടി | 106717 |
| കരാറുകാരന് അനുവദിച്ച തുക | 999779 | കരാറുകാരന് അനുവദിക്കാവുന്ന തുക | 996027 |

കരാറുകാരന് അധികം തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/12.01.2022) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ ₹3,752/-(999779-996027) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. ₹3,752/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 കാലി വീപ്പയുടെ വില ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കാരാറുകാർക്ക് നൽകിയ അന്തിമ ബിൽ തുകയിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ | പദ്ധതി അടങ്കൽ | കരാറുകാരന്റെ പേര് & | പ്രവൃത്തിക്ക് വേണ്ടി | കാലി വീപ്പയുടെ വിലയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ₹ | ബിൽ നം./ തീയതി/തുക |
|---|---|---|---|---|---|

| പേര് | തുക ₹ | അളവ് ബുക്ക് നം. | ഉപയോഗിച്ച ബിറ്റുമിൻ (ബാരൽ) | കാലി വീപ്പ@ ₹238/ Barrel | GST 18% | |
|---|---|---|---|---|---|---|
| തൊട്ടിക്കാനം-പൂപ്പാറ വില്ലേജ് ഓഫീസ് റോഡ് (158/22) | 500000 | കലേഷ് കുമാർ 158/ 2021-22 | 16 ബാരൽ (VG30-1840kg, SS1-285.5kg, RS1-214kg) | 3808 | 685 | 21100752010600985294/ തീ. 21.01.22 ₹495238/- |
| പൂപ്പാറ കോരമ്പാറ റോഡ് ( 62/21) | 800000 | ഷാജി എം. എം. 281/2020-21 | 14(VG30-1712kg RS1-182.41kg, SS1-323kg) | 3332 | 600 | 19100752010601166096/ തീ. 27.02.21 ₹658662/- 21100752010600301151/ തീ. 12.08.21 ₹140983/- |
| കാനൻ മുകപ്പ് റോഡ് റീടാറിംഗ് (108/22) | 1000000 | കലേഷ് കുമാർ | 24(VG30-3139.8kg RS1-314.91kg, SS1-384kg) | 5712 | 1028 | 21100752010600301061/ തീ. 12.08.21 ₹993219/- |
| | | | ആകെ | 12852 | 2313 | |

ടാറിംഗ് പ്രവൃത്തികളിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/12.01.2023) മറുപടി നൽകിയിട്ടില്ല. കാലി വീപ്പയുടെ വിലയിനത്തിലുള്ള നഷ്ടം ₹15,165/- കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്. ബാരൽ വില ഈടാക്കാതിരുന്നത് മൂലം അധികം ചെലവഴിച്ച ₹15,165/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 7500000 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ – ജനറൽ (164/22) | 800000 | 6700000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 199998 | പാലിന് സബ്സിഡി (80/22) | 199998 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 87550 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (23/22) | 87550 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 617175 | വൃദ്ധർക്ക് കട്ടിൽ – ജനറൽ (121/22) | 47827 | 569348 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

- ഇല്ല -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ) 229/2010/ തസ്വഭവ തീ. 21.01.10 | 17710261 | 1015102 | 1015102 | 0 | 0 |
| ലൈഫ് ഭവന പദ്ധതി | | 34100000 | 29260001 | 3520002 | - | 25739999 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹207373 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹12442 |
| ആകെ | ₹219815 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹219815 |
|---|---|

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.1.193, നെടുങ്കണ്ടം (സർട്ടിഫിക്കറ്റ് നം.224) | 30.04.2021 | 1 വർഷം | 219815 | സ്ഥിരനിക്ഷേപം 30.04.2022-ൽ പുതുക്കി നിക്ഷേപിച്ചിട്ടില്ല. പലിശയിനത്തിലെ നഷ്ടം ക്രമീകരിച്ച് ലഭിക്കാനും ആയത് പുതുക്കി നിക്ഷേപിക്കാനും നടപടി സ്വീകരിക്കേണ്ടതാണ് |
| ആകെ | | | | 219815 | |

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | - |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2015-16 | - |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1998-99 | 25 | P. A. Sathidas, Secretary, | LF.15634/ SC2/02 Dt.21.05.03 | 3211 | തുക അടവാക്കിയിട്ടില്ല | | | | | 3211 | |
| 2 | 1999-00 | 26 | P. D. Raveendran, Secretary | LF. 22159/03 Dt.24.7.04 | 26800 | തുക അടവാക്കിയിട്ടില്ല | | | | | 26800 | |
| 3 | 2001-02 | 2-6 | V. Jayaprakash | LF 14469/05 Dt.25.9.06 | 2288 | തുക ഈടാക്കിയിട്ടില്ല | | | | | 2288 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28, 32, 35, 41, | P.A. Sathidas, Secretary | LF 15634/ SP.Cell/ S.C2/02 Dt.21.5.03 | 7591 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 7591 | |
| 2 | 1998-99 | 39 | Varghese Samuel, Agri Officer | LF 15634/ SP.Cell/ S.C2/02 Dt.27.3.03 | 37430 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | CMA 118/03, Dist Court, Thodu Puzha To DD Dated 25.02.04 | | | | 37430 | |
| 3 | 1999-00 | 44 | P. D. Raveendran, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 4700 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 4700 | |
| 4 | 1999-00 | 46 | K. Vijayakumar, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 37000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 37000 | |
| 5 | 1999-00 | 43 | A. Saydu, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 8000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 8000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹34914121 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹79266684 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹114180805 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹82326202 |
| നീക്കിയിരിപ്പ് | ₹31854603 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹29557 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് ₹ | സർചാർജ്ജ് ₹ | |
| | | - ഇല്ല - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-16 | 12953 | ശ്രീ. റംഷാദ് എ.,<br>സെക്രട്ടറി |
| 1-20 | 3752 | ശ്രീ. അബ്ദു സമദ് പി. എസ്.<br>അസി. എഞ്ചിനീയർ |
| 1-21 | 12852 | ശ്രീ. അബ്ദു സമദ് പി. എസ്.<br>അസി. എഞ്ചിനീയർ |
| ആകെ | 29557 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-21 | 2313 | ശ്രീ. അബ്ദു സമദ് പി. എസ്.<br>അസി. എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 1-14

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദു സമദ് പി. എസ്.<br>അസി. എഞ്ചിനീയർ | - ലഭ്യമല്ല - | പെരുമ കുടിയിൽ (H),<br>കുളപ്പറച്ചാൽ പി. ഒ,<br>മുരിക്കുംതൊട്ടി,<br>ഇടുക്കി ജില്ല<br>പിൻ – 685619 |
| ശ്രീ. റംഷാദ് എ. | സെക്രട്ടറി | കുളപ്പറമ്പിൽ (H), മേമന, |

| | | |
|---|---|---|
| സെക്രട്ടറി | ശാന്തമ്പാറ ഗ്രാമ പഞ്ചായത്ത് | ഓച്ചിറ പി.ഒ<br>പിൻ – 690526<br>കൊല്ലം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 6 | 25, 28, 32, 35, 39, 41 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 37 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 2-6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 2-1 |
| 2007-08 | എൽ.എഫ്.ഐ-14/1159/ 11/07.03.12 | 4 | 3-5, 3-7, 3-8, 3-9 |
| 2010-11<br>2011-12 | എൽ.എഫ്.ഐ-14/623/13 01.04.2015 | 6 | 2-1(ബി), 3-4, 3-7, 3-8, 3-9, 3-11 |
| 2013-14 & 2014-15 | കെ.എസ്.എ/ഐ.ഡി.കെ-14/1600/ 18/06.04.18 | 6 | 3-3, 3-4, 3-7, 3-11, 3-12, 3-18 |
| 2015-16 | കെ.എസ്.എ/ഐ.ഡി.കെ-14/415/ 2017/18.04.2017 | 1 | 2-1 |
| 2016-17 | കെ.എസ്.എ/ഐ.ഡി.കെ-14/16/2018 /03.04.2018 | 2 | 3-1, 3-7 |
| 2017-18 | കെ.എസ്.എ/ഐ.ഡി.കെ- 14/982/2018 24.09.2018/12.11.2018 | 9 | 2-1, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-14 |
| 2018-19 | കെ.എസ്.എ/ഐ.ഡി.കെ-14/615/19 തീയതി.30.08.2019/20.09.2019 | 9 | 2-1, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-14 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ.-10/873/ 2021/19/11/2021 | | 1-1 മുതൽ 1-20 വരെ, 3-1 മുതൽ 3-3 വരെ, 4-1 മുതൽ 4-10 വരെ |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ.-10/874/ 2021/19/11/2021 | 50 | 1-1 മുതൽ 1-33 വരെ, 2-1 മുതൽ 2-2 വരെ, 3-1 മുതൽ 3-5 വരെ, 4-1 മുതൽ 4-10 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്